ഓഡിറ്ററുമാണ് സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് നിലവിലുള്ള സംവിധാനം. കൂടാതെ പോലീസ് വകുപ്പിലുള്ള ഡയറക്ടർ ഓഫ് വിജിലൻസ് ഇൻവെസ്റ്റിഗേഷന്റെ കീഴിലുള്ള വിജിലൻസ് വിഭാഗവും ഈ ക്രമക്കേടുകളെപ്പറ്റി അന്വേഷിക്കുന്നുണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് പൂർത്തിയാക്കുന്നതിൽ കുടിശ്ശിക വന്നിട്ടുള്ള കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് പൊതുവെ കുടിശ്ശികയിലാണ്. 30-4-1986-ൽ 10295 സംഘങ്ങളുടെ 22243 ഓഡിറ്റുകൾ ചെയ്തു തീർക്കാൻ ബാക്കിനിൽക്കുന്നുണ്ട്.

(സി) ആഡിറ്റുകളിലെ കുടിശ്ശിക ഇല്ലാതാക്കി ഭാവി കൂടുതൽ കാര്യക്ഷമമാക്കാൻ സഹകരണ വകുപ്പിലെ ആഡിറ്റ് വിഭാഗം പുനഃസംഘടിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. കൂടാതെ ആഡിറ്റുകൾ കൃത്യമായി പൂർത്തിയാക്കാൻ രജിസ്ട്രാർക്കും മറ്റ് ഉദ്യോഗസ്ഥന്മാർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പല സൊസൈറ്റികളിലും കൺകറന്റ് ഓഡിറ്റർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

നഗരാസൂത്രണ വകുപ്പിന്റെ അംഗീകാരമില്ലാതെ നടക്കുന്ന കെട്ടിടനിർമ്മാണം

869 [249] ശ്രീ. എ. സി. ഷൺമുഖദാസ്:
,, വി. സി. കബീർ:
,, സിറിയക് തോമസ്:
,, കെ. കെ. ബാലകൃഷ്ണൻ:
,, എ. കെ. ശശീന്ദ്രൻ:
,, കെ. ശങ്കരനാരായണപിള്ള:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരാസൂത്രണ വകുപ്പിന്റെ അംഗീകാരമില്ലാതെ പൊതുമേഖലയിലും സഹകാര്യമേഖലയിലും സംസ്ഥാനത്തെ പല നഗരങ്ങളിലും കെട്ടിടങ്ങൾ നിർമ്മിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അംഗീകാരമില്ലാതെ കെട്ടിടങ്ങൾ നിർമ്മിച്ചതിനുശേഷം അവ പൊളിച്ചുമാറ്റാൻ നഗരാസൂത്രണവകുപ്പോ വികസന അതോറിറ്റികളോ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാം; ആരുടെയെല്ലാം കെട്ടിടങ്ങൾ?

(ഡി) പ്ലാൻ അനുസരിച്ച് കെട്ടിടം വയ്ക്കുന്നതിന് നഗരാസൂത്രണ വകുപ്പിന്റെ അംഗീകാരം വാങ്ങണമെന്ന നിബന്ധന ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുമേഖലയിലും സഹകാര്യമേഖലയിലും സംസ്ഥാനത്തെ നഗരങ്ങളിലും കെട്ടിടം നിർമ്മിക്കുന്നതിന് നഗരാസൂത്രണ വകുപ്പിന്റെ അംഗീകാരം ആവശ്യമില്ല. കെട്ടിടനിർമ്മാണത്തിന് അംഗീകാരം കൊടുക്കുന്നത് അതാതുപ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വികസന അതോറിറ്റികളുമാണ്.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 1984-ലെ കേരള കെട്ടിട നിർമ്മാണ നിയമമനുസരിച്ച് സാധാരണ രീതിയിലുള്ള കെട്ടിടങ്ങളും അതായത് വീടുകളും, കച്ചവട സ്ഥാപനങ്ങളും മുതലായവ നിർമ്മിക്കുന്നതിന് നഗരാസൂത്രണ വകുപ്പിന്റെ അംഗീകാരം ആവശ്യമില്ല. എന്നാൽ പ്രത്യേകതരത്തിലുള്ള കെട്ടിടങ്ങളും അതായത് പൊതുസ്ഥാപനങ്ങളും, ആളുകൾ തടിച്ചുകൂടുന്ന സ്ഥലങ്ങളും (കല്യാണ മണ്ഡപങ്ങളും, സിനിമാശാലകളും) ഫാക്ടറി ആക്ടിൽ ഉൾപ്പെടുന്ന, കെട്ടിടങ്ങളും, പൊതുജനങ്ങൾക്ക് അപകടം ഉണ്ടാകാനിടയുള്ള രീതിയിൽ ഉപയോഗിക്കുന്ന കെട്ടിടങ്ങളും മുതലായവയുടെ സ്ഥലനിർണ്ണയത്തിനും, ലേ ഔട്ട് അംഗീകാരത്തിനും മാത്രമേ നഗരസംവിധാന വകുപ്പിന്റെ അംഗീകാരം ആവശ്യമുള്ളൂ. ഇത് തീർത്തും പൊതുജനനൻമയെ ലക്ഷ്യമാക്കിയിട്ടുള്ളതുമാണ്.

സഹകാര്യ കോളേജ് മാനേജുമെന്റുകളുടെ നിർബന്ധ പണപ്പിരിവ്

870 [250] ശ്രീ. സി. കെ. തങ്കപ്പൻ:
,, വർക്കല രാധാകൃഷ്ണൻ:
,, കെ. മൂസ സക്കുട്ടി:
,, ടി. കെ. ആറുമുഖൻ:
,, പി. സി. തോമസ് (കടുത്തുരുത്തി): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സർവ്വകലാശാലാ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് സഹകാര്യ കോളേജ് മാനേജുമെന്റുകൾ വിദ്യാർത്ഥികളിൽനിന്നും നിർബന്ധ പണപ്പിരിവ് നടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഇതു സംബന്ധിച്ച് വല്ല പരാതിയും സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) പണം നൽകാത്ത വിദ്യാർത്ഥികളുടെ ഹാൾ ടിക്കറ്റും എസ്.എസ്.എൽ.സി. ബുക്കും കൊടുക്കാതിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.
(ബി) ഈ വർഷം ലഭിച്ചിട്ടില്ല.
(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly